1

# അധികാരം

നാം മുൻപോട്ടു നീങ്ങുന്നതിനു മുൻപു, പൊതുവായ അധികാരത്തെ നാം സമ്മതിക്കണം. ഒരു നിഘണ്ടുവിന്റെ ആധികാരികതയെ നാം സ്വീകരിക്കണം. ''സി-എ-റ്റി'' ഉച്ചരിക്കുന്നത് ''കാറ്റ്'' എന്നത് ഇംഗ്ലീഷിന്റെ നിലവാരം അംഗീകരിക്കാൻ തയ്യാറാകാതെ സമ്മതിക്കാൻ പ്രയാസമാണ് അതു ഡിക്ഷണറിയുടെ ഉച്ചാരണാധികാരമാണ്. മതത്തിൽ നമുക്കു യോജിക്കാൻ കഴിയണമെങ്കിൽ, ആദ്യം നാം അധികാരത്തെ മാനിക്കണം.

### ദൈവവചനമാണ് നമ്മുടെ അധികാരം

മതത്തിൽ നമ്മുടെ അധികാരം എന്തായിരിക്കണം? ലോക ത്തിൽ മതപരമായി അംഗീകരിക്കപ്പെട്ട അധികാരങ്ങൾ അനവധി യുണ്ട്. ഇസ്ലാമിന്റെ ഖുറാൻ തുടങ്ങി ടെലിവിഷൻ സുവിശേഷ പ്രാസംഗികരുടെ പ്രഖ്യാപനങ്ങൾ വരെയുണ്ട്. എന്നിരുന്നാലും, ദൈവം, തിരിച്ചറിയുന്ന അധികാരം ഒന്നുമാത്രം: അതു അവന്റെ വചനമായ, ബൈബിൾ ആണ്.




അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു, "ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു" (റോമർ 10:17). അവൻ തുടർന്നു എഴുതി, "എല്ലാ തിരു വെഴുത്തും ദൈവശ്വാസീയമാകയാൽ, ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും, വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ട തിന്നു ... ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലെ അഭ്യാസത്തുനും; പ്രയോജനമുള്ളതു ആകുന്നു" (2 തിമൊഥെയൊസ് 3:16, 17).

"തിരുവെഴുത്ത്" എന്ന വാക്കു സൂചിപ്പിക്കുന്നതു "എഴുതിയിരിക്കുന്നതു"[1] എന്നാണ്. 2 തിമൊഥെയൊസ് 3-ാം അദ്ധ്യായത്തിൽ "തിരുവെഴുത്ത്" എന്നു പറഞ്ഞിരിക്കുന്നത് ദൈവത്തിന്റെ എഴുതപ്പെട്ട

വചനമായിട്ടാണ്. തിരുവെഴുത്തിൽ പഴയനിയമ എഴുത്തുകളും (2 തിമൊഥെയൊസ് 3:15) പുതിയനിയമ എഴുത്തുകളും ഉൾപ്പെടുന്നു (2 പത്രൊസ് 3:15, 16). മറ്റൊരു രീതിയിൽ തിരുവെഴുത്തു എന്നു സൂചിപ്പിച്ചിരിക്കുന്നതു "വചനം" ആയിട്ടാണ് (മത്തായി 13:23; പ്രവൃത്തി 6:4). നാം ഇന്നു ഉപയോഗിക്കുന്നത് "ബൈബിൾ" എന്ന വാക്കാണ്. ''ബൈബിൾ'' അടിസ്ഥാനപരമായി ഗ്രീക്കിൽ നിന്നു വന്നതാണ്. അർത്ഥം "പുസ്തകം" എന്നാണ്. "പുസ്തകങ്ങളുടെ പുസ്തകമാണ് ബൈബിൾ.'' അനേക ബൈബിളിൽ ''ഹോളി ബൈബിൾ'' എന്നടിച്ചിട്ടുണ്ട്. ''ഹോളി" എന്ന വാക്കിന്റെ അർത്ഥം ''വിശുദ്ധ''[2] എന്നാണ്. ബൈബിൾ "വിശുദ്ധ പുസ്തകം" ആണ്. കാരണം അത് ദൈവശ്വാസീയമാണ്.

"ശ്വാസീയമായ" എന്ന വാക്കിന്റെ അക്ഷരിക അർത്ഥം "ശ്വസിച്ചതായ'' എന്നാണ്.[3] ''ദൈവശ്വാസീയം'' എന്നാൽ ''ദൈവം ശ്വസിച്ചതായ" എന്നർത്ഥം. മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു ദൈവം അവന്റെ മൂക്കിൽ ഊതിയതുകൊണ്ട് (ഉല്പത്തി 2:7). ഫലത്തിൽ "ദൈവം ശ്വസിച്ചതിനാൽ" വചനം ജീവന്റെ പുസ്തകമായി തീർന്നു (എബ്രായർ 4:12). ബൈബിൾ എഴുതുവാൻ ദൈവനിയന്ത്രണം ഉണ്ടാ യിരുന്നു എന്നു ആലങ്കാരികമായി പറയുന്നതാണിത്. കൂടുതലോ കുറവോ വരാതെ – ദൈവം അതിൽ എന്തെല്ലാം ഉൾപ്പെടുത്തുവാൻ ആഗ്രഹിച്ചുവോ അതു മാത്രം ഉൾപ്പെടുത്തിയതാണ് ബൈബിൾ.

2 തിമൊഥെയോസ് 3:16, 17 വീണ്ടും വായിക്കുക. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആവശ്യമായതെല്ലാം ബൈബിളിലുണ്ട്. ഇതു "ഉപദേശത്തിനു പ്രയോജനമുള്ളത്"; നാം എങ്ങനെ ജീവിക്കണമെന്നു ഇതു പറയുന്നു. "ഗുണീകരണത്തിനും"; പ്രയോജനപ്രദമാണ്. നാം തെറ്റിലാണെങ്കിൽ ഇതു നമ്മെ അറിയിക്കുന്നു; പ്രബോധനത്തിനും പ്രയോജനപ്രദമാണ്. ''നീതിയിലെ അഭ്യാസത്തിനും''; അതായതു ആത്മീയമായി ഇതു നമ്മെ വളരുവാൻ സഹായിക്കുന്നു. സൽപ്രവൃത്തിയിൽ ഇതു നമ്മെ തികഞ്ഞവരാക്കുന്നു എന്നതു ശ്രദ്ധിക്കുക, ''സകല സൽപ്രവൃത്തിക്കും" എന്നാണ് പറഞ്ഞിരിക്കുന്നത്.

അനേക നല്ല പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്, അനേക പ്രസംഗങ്ങൾ പ്രസംഗിക്കപ്പെട്ടിട്ടുണ്ട്, സഹായകരമായ ഉപദേശങ്ങളും നല്കപ്പെട്ടിട്ടുണ്ട് – എന്നാൽ മതപരമായ നമ്മുടെ ഏകാധികാരം ബൈബിളിൽ മാത്രമാണ്. നാം നമ്മുടെ പഠനം തുടങ്ങുന്നതിനു മുമ്പ്, ഇതു സമ്മതിക്കണം:

- നമ്മുടെ മാതാപിതാക്കളല്ല നമ്മുടെ അധികാരി
- ഒരു മാനുഷിക ഉപദേഷ്ടാവും നമ്മുടെ അധികാരിയല്ല

- മതപരമായ ഒരു ഉപദേഷ്ടാവും നമ്മുടെ അധികാരിയല്ല.
- ഡേവിഡ്റോപ്പർ അധികാരിയല്ല.
- ______________________ പി.കെ വർഗ്ഗീസ് അല്ല അധികാരി.
- ബൈബിൾ ഒഴികെ മറ്റ് ഒരു പുസ്തകവും അധികാരിയല്ല.
- ബൈബിൾ മാത്രമാണ് നമ്മുടെ അധികാരി.

ബൈബിൾ മനുഷ്യനു ദൈവം പ്രത്യേകമായി വെളിപ്പെടുത്തിയിരിക്കുന്ന ഒന്നാണെന്നു 100 ശതമാനം നിങ്ങൾക്കുറപ്പില്ലെങ്കിൽ, അനുബന്ധ ലേഖനം പ്രസിദ്ധീകരണത്തിന്റെ അവസാനം കൊടുത്തിരിക്കുന്നതിലുളള "വിശ്വാസത്തിന്റെ വെല്ലുവിളി" എന്നതു വായിക്കുക. വീണ്ടും നിങ്ങൾക്കു ചോദ്യങ്ങൾ ഉണ്ടെങ്കിൽ നിങ്ങൾ ഈ പുസ്തകം തന്ന സ്നേഹിതനെ സമീപിക്കുക. തീർച്ചയായും ബൈബിൾ കൂടുതലായി പഠിക്കുവാൻ സമയം കണ്ടെത്തുക, പൗലൊസ് പറഞ്ഞു "വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു" (റോമർ 10:17). അതു അങ്ങനെയാണെങ്കിൽ, വായിച്ചു കൊണ്ടിരിക്കുക.

## പുതിയ നിയമമാണ് നമ്മുടെ സഹായി

"മതത്തിൽ എന്താണു നിങ്ങളുടെ അധികാരം?" എന്ന ചോദ്യത്തിനു, "ബൈബിൾ"എന്ന ഉത്തരം നാം കണ്ടെത്തി, നമ്മുടെ ഉത്തരം, ഇതിലും ചുരുക്കാം.


ബൈബിളിനു മുഖ്യമായി രണ്ടു ഭാഗങ്ങളാണുളളത്. പഴയ നിയമമെന്നും പുതിയ നിയമമെന്നും. നിങ്ങളുടെ ബൈബിൾ തുറന്നു പുതിയ നിയമം ആരംഭിക്കുന്ന സ്ഥലം കണ്ടെത്തുക. പഴയ നിയ മവും പുതിയ നിയമവും ഭാഗിക്കുന്ന പേജിൽ "നമ്മുടെ കർത്താവും രക്ഷിതാവും ആയ യേശുക്രിസ്തുവിന്റെ പുതിയ നിയമം" എന്നു കാണാം. പുതിയ നിയമത്തേക്കൾ മൂന്നിരട്ടി വലുതാണ് പഴയ നിയമം. ഇതിനു പലകാരണങ്ങൾ ഉണ്ട്.[4] ഒന്ന്, "പഴയ നിയമത്തിൽ ചെയ്യരുത്", "ചെയ്യരുത്" എന്നു പ്രത്യേകമായി എടുത്തു പറഞ്ഞിരിക്കുന്ന കല്പനകൾ നിറയെ കാണാം. എന്നാൽ പുതിയ നിയമം തത്വങ്ങളിന്മേൽ കേന്ദ്രീകരിച്ചിരി ക്കുന്നു.[5]

തിരുവെഴുത്തിലെ രണ്ടു ഭാഗങ്ങളും നിങ്ങൾ പഠിക്കുമ്പോൾ, അവ രണ്ടും ഒരേ നിർദ്ദേശങ്ങൾ അല്ല നൽകുന്നതെന്നു കാണാൻ കഴിയും:

- ദേവാലയം എന്നറിയപ്പെടുന്ന ഭൗതിക കെട്ടിടത്തിലേയ്ക്കാണ് പഴയ നിയമാരാധകർ പോയത് (സങ്കീർത്തനങ്ങൾ 5:7; ഹബക്കൂക്ക് 2:20); പുതിയ നിയമത്തിൽ, സ്ഥലം അപ്രധാനമാണ് ആരാധന സത്യത്തിലും ആത്മാവിലും ആയിരിക്കണമെന്നു മാത്രം (യോഹന്നാൻ 4:21, 23, 24).

- പഴയ നിയമത്തിൽ, കർത്താവിനു മൃഗങ്ങളെ ബലിയർപ്പിച്ചിരുന്നു (ലേവ്യാ പുസ്തകം 1–5); പുതിയ നിയമത്തിൽ, യേശുവാണ് നമ്മുടെ തികഞ്ഞയാഗം (എഫേസ്യർ 5:2; എബ്രായർ 10:12), നമ്മുടെ ജീവിതം ദൈവത്തിനു യാഗമായി നാം സമർപ്പിക്കണം (റോമർ 12:1; എബ്രായർ 13:15).
- പഴയ നിയമത്തിൽ, ഒരു പ്രത്യേക കൂട്ടം ആളുകളെ "പുരോഹിതന്മാരായി" അവരോഹിച്ചിരുന്നു (പുറപ്പാട് 28:41; 40:15); പുതിയ നിയമത്തിൽ, എല്ലാ ക്രിസ്ത്യാനികളും പുരോഹിതന്മാരാണ് (1 പത്രൊസ് 2:5, 9).
- പഴയ നിയമത്തിൽ, ഏഴാം നാൾ ദൈവത്തിനു വിശുദ്ധമായി സമർപ്പിക്കുമായിരുന്നു (പുറപ്പാട് 20:8–11); പുതിയ നിയമത്തിൽ, പ്രത്യേകമായ ആരാധനാ ദിവസം ആഴ്ചവട്ടത്തിൽ ഒന്നാം നാളാണ് (പ്രവൃത്തി 20:7),[6] അതായതു ഞായറാഴ്ച.
- പോർക്ക് പോലെയുളള, ചില ഭക്ഷണങ്ങളെ പഴയ നിയമം വിലക്കിയിരുന്നു (ലേവ്യാപുസ്തകം 11:7); ആ നിരോധനങ്ങൾ പുതിയ നിയമത്തിൽ നീക്കം ചെയ്തു (പ്രവൃത്തി 10:9–16).

ഈ വ്യത്യാസങ്ങൾ അസംഖ്യമായി തുടരുന്നു. രണ്ടു നിയമങ്ങളിലേയും നിർദ്ദേശങ്ങൾ പൂർണ്ണമായി എല്ലാം പ്രമാണിക്കുവാൻ പ്രയാസമാണ്. പിന്നെ, ഏതാണ്, നാം പ്രമാണിക്കേണ്ടതു? ആ ചോദ്യത്തിനു താഴെ കൊടുത്തിരിക്കുന്ന ഡയഗ്രം ഉത്തരം നല്കും:




ആദ്യമായി ചാർട്ടിന്റെ അടിയിൽ കൊടുത്തിരിക്കുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക. "നിയമം = ഉടമ്പടി = സമ്മതപത്രം" ചില തർജ്ജിമ "നിയമം" എന്നു "പഴയ നിയമത്തെ" ഉദ്ദേശിച്ചു പറയുന്നുണ്ട് (2 കൊരിന്ത്യർ 3:14) "പുതിയ നിയമത്തെയും" അതിനാൽ സൂചിപ്പിച്ചിട്ടുണ്ട്. (മത്തായി 26:28; 1 കൊരിന്ത്യർ 11:25; 2 കൊരിന്ത്യർ 3:6; എബ്രാർ 9:15). അധികവും, ഗ്രീക്കു വാക്കിന്റെ തർജ്ജിമ കാണുന്നതു "ഉടമ്പടി" എന്നാണ് (എബ്രായർ 8:6, 7, 13; 9:1; 12:24) ഈ അർത്ഥം വരുന്ന എല്ലാ വാക്കുകളും ചില തർജ്ജിമ "ഉടമ്പടി" എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. പഴയ നിയമത്തെ കുറിച്ചു നാം സംസാരിക്കുമ്പോൾ പഴയ ഉടമ്പടിയെ കുറിച്ചാണ് സംസാരിക്കുന്നത്. പുതിയ നിയമത്തെ കുറിച്ചു

പറയുമ്പോൾ, പുതിയ ഉടമ്പടിയെ കുറിച്ചാണ് പറയുന്നത്.

ഉടമ്പടി എന്നാലെന്ത്? ഉടമ്പടി എന്നാൽ രണ്ടു കക്ഷികൾ തമ്മിലുള്ള ഒരു യോജിപ്പാണ്. പഴയ ഉടമ്പടി ദൈവവും യഹൂദ ജനങ്ങളും തമ്മിലുളള ഒരുസമ്മതപത്രമായിരുന്നു (ആവർത്തനപുസ്തകം 5:1–4). യഹൂദന്മാർ ഒഴികെ മറ്റാരെയും ബാധിക്കുന്നതായിരുന്നില്ല അത്[7] (യഹൂദ മതത്തെ സ്വീകരിച്ച പരദേശികളേയും ബാധിച്ചിരുന്നു). പുതിയ നിയമം ദൈവവും ക്രിസ്ത്യാനികളും തമ്മിലുളള സമ്മതപത്രമാണ് (എബ്രായർ 10:16).

ഇനി ചിത്രീകരണത്തിന്റെ മുകൾ ഭാഗം നോക്കുക. ക്രൂശ് നിലകൊളളുന്നതു യേശുവിന്റെ ക്രൂശ് ആണ്. ക്രൂശിന്റെ ഇടതു ഭാഗം സൂചിപ്പിക്കുന്നതു പഴയനിയമ കാലവും, വലതു ഭാഗം സൂചിപ്പിക്കുന്നതു പുതിയനിയമ കാലവുമാണ്. ഇടതു ഭാഗത്തുളള ആരോ സൂചിപ്പിക്കുന്നതു ക്രൂശിലേയ്ക്കു, എന്നു കാണിക്കുന്നു. വലതു ഭാഗത്തുളള ആരോ ക്രൂശിലേയ്ക്കു വിരൽ ചൂണ്ടുന്നു.

പഴയ നിയമം ആളുകളെ യേശുവിങ്കലേയ്ക്കു മുൻപോട്ടു നോക്കുവാൻ പ്രേരിപ്പിക്കുന്നു എന്നു നാം ആദ്യം, മനസ്സിലാക്കണം. പഴയ നിയമം സ്ഥിരമായി കൊടുക്കുവാനല്ല. ദൈവം ആഗ്രഹിച്ചതു. യിരെമ്യാവ് എഴുതി,

> “ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദ ഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന ‘കാലം വരും,’ എന്നു യഹോവയുടെ അരുളപ്പാട്, ഞാൻ അവരുടെ പിതാക്കന്മാരെ കൈക്കുപിടിച്ചു മിസ്രയീം ദേശത്തു നിന്നു കൊണ്ടു വന്ന നാളിൽ ഞാൻ അവരോടു, ചെയ്ത നിയമം പോലെയല്ല. ഞാൻ അവർക്കു കർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചു കളഞ്ഞു എന്നു യഹോവയുടെ അരുളപ്പാട്” (യിരെമ്യാവ് 31:31–32; എംഫസിസ് മൈൻ).[8]

പഴയ നിയമം എത്ര നാൾ നീണ്ടു നിന്നു? അബ്രഹാമിനു ദൈവം ചെയ്ത വാഗ്ദാനത്തോടു ‘‘കൂട്ടിച്ചേർത്തതായിരുന്നു’’ പഴയ നിയമമെന്നു പൗലോസ് ഗലാതൃർ 3ൽ ക്രിസ്ത്യാനികളോടു പറഞ്ഞിരിക്കുന്നു. ‘‘വാഗ്ദാന സന്തതി വരുവോളം’’ എന്നു പറഞ്ഞിരിക്കുന്നു (വാക്യം 19; എംഫസിസ് മൈൻ). ആ “സന്തതി” ആരാണെന്നു 16–ാം വാക്യത്തിൽ പറയുന്നുണ്ട്: എന്നാൽ “അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു സന്തതികൾക്കും എന്ന് അനേകരെക്കുറിച്ചല്ല, ‘നിന്റെ സന്തതിയ്ക്കും,’ എന്നു ‘ഏകനെ കുറിച്ചത്രേ പറയുന്നതു,’ അതു, ക്രിസ്തു തന്നെ” (എംഫസിസ് മൈൻ). 24–ാം വാക്യത്തിൽ പൗലോസ് പറഞ്ഞു, ‘‘അങ്ങനെ നാം വിശ്വാസത്തിൽ നീതീകരിക്കപ്പെടേണ്ടതിനു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേയ്ക്കു നടത്തുവാൻ നമുക്കു ശിശു പാല

കനായി ഭവിച്ചു" എന്നു പറഞ്ഞു. പഴയ നിയമം ആളുകളെ – ക്രിസ്തുവിലേയ്ക്കു യേശു വരുന്നതു വരെ നടത്തുന്ന തിനായിരുന്നു നല്കിയത്. അതുകൊണ്ടാണ് ക്രൂശിന്റെ ഇടതു ഭാഗത്തുള്ള ആരോ മുൻപോട്ടു വിരൽ ചൂണ്ടുന്നതായി കാണിച്ചത്.

എന്നാൽ, ആരോ, ക്രൂശിലേയ്ക്കു കാണിച്ചിരിക്കുന്നത് എന്തു കൊണ്ടാണ്? കൊലൊസ്യയിലെ ക്രിസ്താനികൾക്കു ലേഖനമെഴുതു മ്പോൾ പൗലോസ് യേശുവിന്റെ മരണത്തെക്കുറിച്ചു പറഞ്ഞു, "അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങൾ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായ്ച്ചു; ക്രൂശിൽ തറയ്ച്ചു നടുവിൽ നിന്നു നീക്കി കളഞ്ഞു" (കൊലസ്യർ 2:14). ആലങ്കാരികമായി പറഞ്ഞ്, യേശു ചട്ടങ്ങളെ ക്രൂശിൽ തറച്ച്, അവ ഇനി പ്രാബല്യത്തിൽ അല്ലാതാക്കി.[9] പൗലോസ് പറഞ്ഞ ചട്ടങ്ങൾ ഏതാണ്? ആ സന്ദർഭത്തിൽ അവയിൽ ചിലതു എടുത്തു പറയുന്നുണ്ട്: ആരും അവരെ വിധിക്കരുത്, (അതാതു ശിക്ഷയ്ക്കു വിധിക്കരുത്) "അതു കൊണ്ടു ഭക്ഷണ പാനങ്ങൾ സംബന്ധിച്ചോ പെരുനാൾ വാവ് ശബ്ബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത്" (കൊലൊസ്യർ 2:16). ഇവിടെ വിശേഷതയുള്ളതു ശബ്ബത്താണ്. ആഹാരങ്ങളെക്കുറിച്ചു അനേക ചട്ടങ്ങൾ നൽകിയിരുന്നു, അതു പോലെ പാനീയങ്ങളെ കുറിച്ചും, പെരുനാളുകളെ കുറിച്ചും, എന്നാൽ ശബ്ബത്തിനെ കുറിച്ചു ഒരു ജോഡി നിയമാവലികൾ മാത്രമാണ് പത്തു കല്പനകളിൽ ചുറ്റി നിന്നതു: അതിൽ നാലാമത്തെ കല്പന വായിക്കുന്നതു "ശബ്ബത്തു നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക" എന്നാണ് (പുറപ്പാട് 20:8). അങ്ങനെ (പൗലോസിന്റെ പദപ്രയോഗമ നുസരിച്ചു പ്രമാണം ക്രൂശിൽ തറയ്ക്കപ്പെട്ടു).

ഇനി നമ്മുടെ ചിത്രീകരണത്തിലെ ക്രൂശിന്റെ വലതു ഭാഗ ത്തേയ്ക്കു നോക്കാം. യേശുവിന്റെ മരണം പഴയ നിയമത്തെ (ഉടമ്പടി) അവസാനിപ്പിക്കുക മാത്രമല്ല, പുതിയ നിയമ (ഉടമ്പടി) ത്തിന്റെ ആരംഭ ത്തെയും വിളംബരം ചെയ്യുന്നു. എബ്രായർ 9:15 യേശുവിനെ "പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായി"[10] ചൂണ്ടിക്കാണിക്കുന്നു. പിന്നീട് ആ വേദ ഭാഗം പറയുന്നു, "നിയമം ഉള്ളേടത്തു നിയമ കർത്താവിന്റെ മരണം തെളിവാൻ ആവശ്യം. മരിച്ച ശേഷമല്ലൊ നിയമം സ്ഥിരമാകുന്നത്, നിയമ കർത്താവിന്റെ ജീവകാലത്തോളം അതിനു ഉറപ്പില്ല" (9:16, 17). അവിടെ പറയുന്ന "ഉടമ്പടി" "അവസാനത്തെ ഒസ്യത്ത്" എന്നു പറയാം. (ഒരിക്കൽ കെജെവി "നിയമം" എന്നതിന് മനസ്സിലാക്കാൻ എളുപ്പമായ ഈ വാക്കാണ് ഉപയോഗിച്ചത്). ഒരാളുടെ അവസാനത്തെ വിൽപത്രം പ്രാബല്യത്തിൽ വരുന്നതു എപ്പോഴാണ്? നിയമകർത്താവു മരിക്കുമ്പോൾ. അതുപോലെ യേശുവിന്റെ അവസാന ഉടമ്പടി അവൻ ക്രൂശിൽ മരിച്ചപ്പോൾ പ്രാബല്യത്തിൽ വന്നു.[11]

യേശു ജനിക്കുന്നതോടെ പുതിയ നിയമം പ്രാബല്യത്തിൽ വന്നു; എന്ന തെറ്റിധാരണയും പരന്നിട്ടുണ്ട്. അതു വാസ്തവമല്ല. യേശു തന്നെയും പഴയ നിയമത്തിൻ കീഴിലാണ് ജീവിച്ചത്. അവൻ നല്ലൊരു യഹൂദനായി പഴയ നിയമ പ്രമാണങ്ങൾ ഒക്കെ അനുസരിച്ചിരുന്നു (വാസ്തവത്തിൽ അവൻ മാത്രമാണ് പഴയ നിയമം പൂർണ്ണമായും അനുസരിച്ചത്). ഇതുവരെ കലക്കത്തിലായേക്കാം. യേശു ശബ്ബത്തു ആചരിച്ചതുകൊണ്ടു നാമും ശബ്ബത്തിൽ ആരാധിക്കണമെന്ന് ചിലർ വിചാരിക്കുന്നു (മർക്കൊസ് 1:21, ലൂക്കോസ് 4:16) (അതു ഏഴാംനാൾ). യേശു ഭൂമിയിലായിരുന്നപ്പോൾ, പഴയ നിയമങ്ങൾ എല്ലാം പ്രമാണിക്കുവാൻ, അവൻ പ്രോത്സാഹിപ്പിച്ചിരുന്നു (മത്തായി 19:17). അതിൽ മൃഗയാഗവും ഉൾപ്പെട്ടിരുന്നു (മത്തായി 5:23; 8:4). പുതിയ നിയമത്തിന്റെ ആരംഭം യേശുവിന്റെ ജനനം മുതൽ ആയിരുന്നില്ല, മറിച്ച് മരണം മുതലായിരുന്നു.

ചാർട്ട് പഠിക്കുക. യേശുവിന്റെ മരണത്തിനു മുൻപു ജീവിച്ച യഹൂദന്മാർ പഴയ നിയമ ഏർപ്പാടിൻ കീഴിൽ ജീവിച്ചു; ക്രൂശിന്റെ ഈ ഭാഗത്തു ജീവിക്കുന്ന നാം ഓരോരുത്തരും പുതിയ നിയമ ഏർപ്പാടിൻ കീഴിലാണ് ജീവിക്കുന്നത്. യേശുവിന്റെ മരണം രണ്ടു നിയമത്തേയും ഭാഗിക്കുന്നു

യഹൂദന്മാരായി വളർന്നു, ആദ്യ ക്രിസ്ത്യാനികളായി തീർന്ന ചിലർ, തങ്ങൾ ഇനി പഴയ നിയമത്തിൻ കീഴിൽ അല്ല എന്നതു അവർക്കു ഇടർച്ച നേരിട്ടു എന്നതു യാഥാർത്ഥ്യമാണ്. ജാതികളിൽ നിന്നു വന്നവരെ പഴയ നിയമം ആചരിക്കാൻ പ്രേരിപ്പിച്ച് ചുരുങ്ങിയതു പരിഛേദനയെങ്കിലും ഏല്ക്കണമെന്നു ശഠിച്ചു.[12] ക്രിസ്ത്യാനികൾ ന്യായപ്രമാണം – ചുരുങ്ങിയത് അതിലെ ഒരു ഭാഗമായ പരിച്ഛേദന[13] യെങ്കിലും പ്രമാണിക്കണം. പുതിയ നിയമത്തിലെ പല പുസ്തകങ്ങളും ഈ വിഷയത്തെ കൈകാര്യം ചെയ്യുന്നുണ്ട്, ഗലാത്യ ലേഖനവും എബ്രായ ലേഖനവും അതിൽ ഉൾപ്പെടുന്നു. ഗലാത്യ ലേഖനത്തിലെ ചില വാക്യങ്ങൾ ഞാൻ പറയുകയുണ്ടായി; ചിലതു കൂടെ പങ്കിടട്ടെ.

ഗലാത്യർ 3 വീണ്ടും നോക്കാം: പൗലോസ് പറഞ്ഞു “അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്നു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ, നമുക്കു ശിശുപാലകനായി ഭവിച്ചു. വിശ്വാസം വന്ന ശേഷമോ നാം ഇനി ശിശുപാലകന്റെ കീഴിൽ അല്ല” (വാക്യങ്ങൾ 24ഉം 25ഉം). നാം മുൻപു കണ്ടതുപോലെ പഴയനിയമത്തിന്റെ മുഖ്യ ഉദ്ദേശം ആളുകളെ ക്രിസ്തുവിലേക്കു നടത്തുക എന്നതായിരുന്നു. ഒരിക്കൽ ആ ഉദ്ദേശം നിറവേറ്റിക്കഴിഞ്ഞാൽ, ആളുകൾ പിന്നെ ന്യായപ്രമാണത്തിൻ “കീഴിൽ അല്ല.”

ഗലാത്യർ 5ൽ അവൻ ശക്തമായി ഊന്നിപറയുന്നുണ്ട്. അതിന്റെ 3-ാം വാകൃത്തിൽ പറഞ്ഞു, “പരിഛേദന ഏല്ക്കുന്ന ഏതു

മനുഷ്യനോടും, അവൻ ന്യായ പ്രമാണം മുഴുവനും നിവർത്തിപ്പാൻ കടപ്പെട്ടിരിക്കുന്നു എന്നു ഞാൻ പിന്നെയും സാക്ഷീകരിക്കുന്നു". ഇവിടെ പറയുന്ന "പരിച്ഛേദന" മതപരമായ ഒരു ചടങ്ങാണ്, അല്ലാതെ വൈദ്യശാസ്ത്രപരമായ തെരഞ്ഞെടുപ്പല്ല. ചില യഹൂദ ക്രിസ്ത്യാനികൾ ജാതികളായിരുന്ന ക്രിസ്ത്യാനികളെ (ഗലാതൃയിലേപോലെ) പഴയ നിയമം പഠിപ്പിക്കുന്ന പരിച്ഛേദന ഏല്ക്കണമെന്ന് ഉപദേശിച്ചു. നിങ്ങൾ പഴയ നിയമത്തിലെ ഒരു *ഭാഗം* എടുത്താൽ അതിലെ *മുഴുവൻ* ഭാഗങ്ങളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണെന്നാണ് പൗലോസ് ഗലാത്യർ 5:3-ൽ പറയുന്നത്.


പഴയനിയമത്തിലെ എല്ലാ കല്പനകളും അനുസരിക്കുന്നവർ ഉണ്ടോ എന്നെനിക്കറിഞ്ഞുകൂടാ (വർഷത്തിൽ മൂന്നു പ്രാവശ്യം യെരുശലേമിൽ പോകുകയും, മൃഗങ്ങളെ യാഗമർപ്പിക്കുക, ഭക്ഷണത്തെ സംബന്ധിച്ചുള്ള ചട്ടങ്ങൾ പാലിക്കുക, തുടങ്ങിയവ). അനേകർ പഴയ നിയമ കല്പനകളിലെ ചിലതു ''തിരഞ്ഞെടുക്കുന്നു'' ഉദാഹരണമായി, ശബ്ബത്തു ആചരിക്കൽ, പ്രത്യേക പൗരോഹിത്യം, ഉപകണങ്ങൾ ആരാധനാ സമയത്തു ഉപയോഗിക്കൽ എന്നിവ ചിലതാണ്. പൗലോസ് വിശദമാക്കുന്നതു നമുക്കങ്ങനെ ചെയ്യാൻ പാടില്ല എന്നാണ്. നാം പഴയ നിയമത്തിലെ ഒരു ഭാഗം എടുത്താൽ, മറ്റു ഭാഗങ്ങൾ കൂടെ എടുക്കണം. നാം ഒരു ഭാഗത്തെ കെട്ടിയാൽ, എല്ലാം കെട്ടണം.

പഴയ നിയമത്തെ ബന്ധിച്ചു നിർത്തുന്നതു മോശമാണെങ്കിൽ അതിന്റെ ഫലം അതിനേക്കാൾ മോശമായിരിക്കും. ഗലാത്യർ 5:4-ൽ പൗലോസ് പറഞ്ഞതു, "ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന; നിങ്ങൾ ക്രിസ്തുവിനോടു വേർപെട്ടുപോയി, നിങ്ങൾ കൃപയിൽ നിന്നു വീണുപോയി" എന്നാണ്. അടിസ്ഥാനപരമായി പഴയ നിയമം - നിയമവും പ്രവൃത്തിയും എന്ന വ്യവസ്ഥയായിരുന്നു. എന്നാൽ പുതിയനിയമ വ്യവസ്ഥ കൃപയിലും വിശ്വാസത്തിലും അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു. ഗലാത്യയിലെ ക്രിസ്ത്യാനികളോടു പൗലോസ് പറഞ്ഞതു അവർ പഴയ നിയമ കല്പനയായ പരിച്ഛേദന ഏല്ക്കുന്നു എങ്കിൽ അവർ ക്രിസ്തുവിൽ നിന്നു വേർപെട്ടുപോയി എന്നാണ്. കാരണം ആർക്കും ഒരേ സമയത്തു രണ്ടുനിയമ വ്യവസ്ഥയിൻ കീഴിൽ ആകുവാൻ സാദ്ധ്യമല്ല. ഒന്നുകിൽ അവർക്കു ന്യായപ്രമാണ വ്യവസ്ഥയിൻ കീഴിൽ ആകാം അല്ലെങ്കിൽ കൃപാവ്യവസ്ഥയിൻ കീഴിൽ ആകാം. രണ്ടിനും കീഴിൽ ആകുവാൻ സാദ്ധ്യമല്ല.

മറ്റൊരു രീതിയിൽ പറഞ്ഞാൽ: (പഴയനിയമ സമ്പ്രദായങ്ങൾ സ്വീകരിച്ചുകൊണ്ട്) അവർക്കു രക്ഷിക്കപ്പെടുവാൻ കഴിഞ്ഞിരുന്നില്ല. ആർക്കും ന്യായപ്രമാണത്താൽ രക്ഷിക്കപ്പെടുവാൻ കഴിയാതിരുന്നതു,

അതു ആർക്കും പൂർണ്ണമായി പാലിക്കാൻ കഴിഞ്ഞില്ല എന്നതാണ് (റോമർ 3:23; 7:15, 18, 19). നാംരക്ഷിക്കപ്പെടുവാൻ, ആഗ്രഹിക്കുന്നുവെങ്കിൽ അതു സാദ്ധ്യമാകുന്നതു ദൈവകൃപയാലും കരുണയാലുമാണ് (എഫെസ്യർ 2:8, 9; 1 പത്രൊസ് 2:10). ഗലാതൃയിലുണ്ടായിരുന്ന ക്രിസ്ത്യാനികൾ വീണ്ടും പഴയനിയമത്തിലേക്കു പോയാൽ, അവർ ''കൃപയിൽ നിന്നു വീണുപോയി" അവർ "ക്രിസ്തുവിൽ നിന്നു തന്നെ വേർപിരിയുന്നു." എത്ര ദുഃഖകരം!


പ്രധാനമായി നാം മനസ്സിലാക്കേണ്ടതു, ഇന്നു നാം പഴയ നിയമത്തിൻ കീഴിലല്ല, പുതിയനിയമത്തിൻ കീഴിലാണ് എന്നതാണ്. അതിൽ തെറ്റിദ്ധരിക്കേണ്ടതില്ല. ഞാൻ ഊന്നി പറയട്ടേ *നാം ഇന്നു പത്തു കല്പനകളിൻ*[4] *കീഴിലല്ല* (പുറപ്പാട് 20; ആവർത്തനം 5). അതു പഴയനിയമത്തിന്റെ ജീവനും മജ്ജയും ആയിരുന്നു. അതു ക്രൂശിൽ തറെച്ചു.




ചിലർ എതിർത്തേക്കാം: "നാം പത്തു കല്പനയിൻ കീഴില ല്ലെങ്കിൽ അതിന്റെ അർത്ഥം, കുല ചെയ്തേക്കാം മോഷ്ടിക്കാം നിരോധിച്ചിരിക്കുന്നതെല്ലാം ചെയ്യാമെന്നാണോ അർത്ഥമാക്കു ന്നതു" എന്നു ചോദിച്ചേക്കാം.അങ്ങനെയല്ല, ഇന്നു, ആളുകൾ കൊല്ലുകയോ മോഷ്ടിക്കുകയോ ചെയ്യരുത്. കാരണം പുതിയ നിയമത്തിൽ അതു വിലക്കിയിരിക്കയാണ് (റോമർ 13:9; എഫെസ്യർ 4:28). വാസ്തവത്തിൽ, പത്തിൽ ഒൻപതു കല്പനകളും, പുതിയ നിയമത്തിൽ[15] ആവർത്തിച്ചിട്ടുണ്ട്. നാലാമത്തെ കല്പനയാണ് പുതിയ നിയമത്തിൽ ആവർത്തിച്ചിട്ടില്ലാത്തത്: "ശബ്ബത്ത് നാൾ, ശുദ്ധീകരിപ്പാൻ ഓർക്ക" (പുറപ്പാട് 20:8). ഇന്നു, നമ്മുടെ ''പ്രത്യേക'' ആരാധനാ ദിവസം ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമാണ്, ഏഴാം ദിവസമല്ല.[16]

നാം പഴയനിയമത്തിൻ കീഴിലല്ല–പുതിയനിയമത്തിൻ കീഴി ലാണ്, എന്ന തത്വം – അനവധി മതപരമായ ചോദ്യങ്ങൾക്കു ഉത്തരം നല്കും, ''വിശുദ്ധമായ ആരാധനാ സ്ഥലത്തിന് ബൈബിൾ പറയുന്നത് ദേവാലയം എന്നാണ്. ആരാധനക്കു വിശുദ്ധമായ കെട്ടിടം എന്തുകൊണ്ടില്ല എന്നു ചോദിച്ചേക്കാം?" ഉത്തരം "അതു പഴയ

നിയമത്തിലാണ്, പുതിയനിയമത്തിലല്ല." മറ്റൊരാൾ, "പ്രത്യേകമായ പൗരൂഹിത്യവും വസ്ത്രവും എന്തുകൊണ്ട് നമ്മുക്കില്ല?" ഉത്തരം ''അതു പഴയ നിയമത്തിലാണ്, പുതിയതിലല്ല.'' മറ്റൊരാൾ പറഞ്ഞേക്കാം, ''ബൈബിൾ ധൂപം കാണിക്കുന്നതിനെക്കുറിച്ചും ഉപകരണങ്ങൾ ആരാധനയിൽ ഉപയോഗിക്കുന്നതിനെക്കുറിച്ചും പറയുന്നുണ്ടല്ലോ നിങ്ങൾ എന്താണ് അതു ചെയ്യാത്തതു?" എന്നതിനു മറുപടി ''അവ പഴയനിയമത്തിലാണ്, പുതിയനിയമത്തിലല്ല'' എന്നതാണ്.




നാം നമ്മുടെ പഠനം തുടർന്നു, നാം പുതിയ നിയമത്തിലേക്കു പോയി, ദൈവത്തെ എങ്ങനെ പ്രസാദിപ്പിക്കാമെന്നും മരിക്കുമ്പോൾ എങ്ങനെ സ്വർഗ്ഗത്തിൽ പ്രവേശിക്കാമെന്നും കാണാം.

**പഴയ നിയമത്തിലുളള വില**

ഇതിനർത്ഥം, ക്രിസ്ത്യാനിയെ സംബന്ധിച്ച് പഴയനിയമ ത്തിനു വിലയില്ല എന്നല്ല. പഴയനിയമത്തിലെ സംഭവം വിവരിച്ചു കൊണ്ട് തന്റെ വായനക്കാരോടു പൗലൊസ് 1 കൊരിന്ത്യർ 10-ാം അദ്ധ്യായത്തിൽ പറഞ്ഞത്, ''ഇതു ദൃഷ്ടാന്തമായിട്ടു അവർക്കു സംഭവിച്ചു. ലോകാവസാനം വന്നെത്തിയിരിക്കുന്നു നമുക്കു ബുദ്ധിയുപദേശത്തിനായി എഴുതിയുമിരിക്കുന്നു" (വാക്യം 11). പഴയനിയമത്തിൽ ധാരാളം ദൃഷ്ടാന്തങ്ങൾ നമ്മുടെ പഠനത്തിനായി തന്നിരിക്കയാണ്. ഉദാഹരണമായി, പുതിയനിയമത്തിൽ നമ്മോടു പറഞ്ഞിരിക്കുന്നതു "നാം വിശ്വാസത്താൽ ജീവിക്കണമെന്നാണ്" (റോമർ 1:17; ഗലാത്യർ 2:20), എന്താണ് അതിന്റെ അർത്ഥം? ഒരുരീതി പഴയനിയമ ദൃഷ്ടാന്തത്തെ നോക്കുകയാണ്. അബ്രഹാമിന്റെ വിശ്വാസ മാതൃക അതിൽ കാണാം (എബ്രായർ 11:9, 17).

റോമിലുണ്ടായിരുന്ന ക്രിസ്ത്യാനികൾക്കു പൗലൊസ് എഴുതി, "എന്നാൽ മുന്നെഴുതിയിരിക്കുന്നതു ഒക്കെയും ധഅതു, പഴയനിയമംപ നമ്മുടെ ഉപദേശത്തി നായിട്ടു, നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും, ആശ്വാസത്താലും പ്രത്യാശയുണ്ടാകേണ്ട

തിന്നു തന്നേ എഴുതിയിരിക്കുന്നു" (റോമർ 15:4). ഏതാണ്ട് അറുപതു വർഷത്തെ ക്രിസ്ത്യാനിത്വവും നൂറിൽ താഴെ വർഷത്തോളം വരുന്ന ചരിത്രവും അടങ്ങുന്നതാണ് പുതിയനിയമം. ഉടനെ ലഭിച്ചതായ ഏതാനും (ഉദാഹരണങ്ങളും അതിൽ അടങ്ങിയിരിക്കുന്നു പ്രവൃത്തി 5:1–11), നാം ദൈവത്തെ അനുസരിച്ചാൽ എങ്ങനെ ജീവിക്കണമെന്നും വാഗ്ദാനങ്ങളും അനുഗ്രഹങ്ങളും പ്രാപിക്കുന്നതു എങ്ങനെ എന്നും മുഖ്യമായി പറയുന്നു. ദൈവം വാസ്തവത്തിൽ വാഗ്ദാനങ്ങൾ നിറ വേറ്റുമോ എന്നു നാം സംശയിക്കുന്നു. അവൻ വാഗ്ദാനം നിറവേറ്റുന്നവനാണെന്നു പഴയനിയമം ഉറപ്പു നല്കുന്നു. പഴയ നിയമം അനേകായിരം വർഷത്തെ ചരിത്രം പ്രതിപാദിക്കുന്നതുകൊണ്ടു, ദൈവത്തെ അനുസരിക്കുന്നതിന്റേയും അനുസരിക്കാതി രിക്കുന്നതിന്റേയും ദീർഘകാല അനന്തര ഫലത്തെ നമുക്കു വ്യക്തമായി കാണാൻ കഴിയും. ആളുകൾ ദൈവത്തെ അനുസരി ച്ചപ്പോൾ, തീർച്ചയായും അവർ അനുഗ്രഹിക്കപ്പെട്ടു; അവർ അനുസരി ക്കാതിരുന്നപ്പോൾ അതിന്റെ ഫലമായി കഷ്ടം അനുഭവിച്ചു. അങ്ങനെ "ദൈവം വിശ്വസ്തനാണെന്നു" പഴയനിയമം മുഖാന്തരം, നമുക്കു തീർച്ചപ്പെടുത്താം (1 കൊരിന്ത്യർ 1:9).

പഴയ നിയമം പഠിക്കുന്നതുകൊണ്ടു മറ്റു പല ഗുണങ്ങളും ഉണ്ട്: ലോകത്തിന്റെ ആരംഭത്തെ കുറിച്ചും, മനുഷ്യന്റെ ആരംഭത്തെക്കുറിച്ചും നിങ്ങൾക്കു അറിയണ മെന്നുണ്ടെങ്കിൽ മുഖ്യ ഉറവിടം പഴയ നിയമമാണ് (ഉല്പത്തി 1; 2). പുതിയനിയമത്തിലെ മിക്കഭാഗവും (ഉദാഹരണമായി, എബ്രായ പുസ്തകം)പഴയ നിയമത്തിന്റെ ചില അറിവുകൾ മുൻകൂട്ടി ഉദ്ദേശിച്ചിട്ടുള്ളതാണ്. പഴയ നിയമം പഠിക്കുന്നതു പുതിയ നിയമം മനസ്സിലാക്കുവാൻ സഹായിക്കും. അതു കൊണ്ട് നിങ്ങളുടെ പഠനത്തിൽ പഴയ നിയമവും ഉൾപ്പെടുത്തുക. എപ്പോഴും ഓർക്കേണ്ട കാര്യം, നാം ഇന്നു യേശുക്രിസ്തുവിന്റെ പുതിയ ഉടമ്പടിയിൻ കീഴിലാണ് എന്നത്രേ. നിത്യ ജീവൻ എന്ന ലക്ഷ്യത്തിലെ ത്തുവാൻ വേണ്ട പ്രത്യേക നിർദ്ദേശങ്ങൾ പുതിയ നിയമത്തിലാണുള്ളത്.

**ഉപസംഹാരം**

നമ്മുടെ മതപരമായ അധികാരം ബൈബിൾ ആണ്. പ്രത്യേ കമായി, ഇന്നു നമ്മെ ബാധിക്കുന്ന ഉടമ്പടി പുതിയ നിയമമാണ്. ഇക്കാരണത്താൽ, പുതിയ നിയമം ആകണം വിവരത്തിന്റെയും നിർദ്ദേശ ത്തിന്റെയും ഉറവിടം. നിങ്ങൾ യോജിക്കുന്നുണ്ടോ? അങ്ങനെ യെങ്കിൽ, അടുത്ത പാഠത്തിലേയ്ക്കു കടക്കുവാൻ തയ്യാറാവുക.

---

കുറിപ്പുകൾ

[1] "സ്ക്രിബിൾ" എന്ന വാക്ക് നിങ്ങൾക്കു പരിചയമുണ്ടായിരിക്കും അതിൽ നിന്നാണ്

“സ്ക്രിപിച്ചേഴ്സ്” എന്ന വാക്കു ലഭിച്ചത്. [2]“വിശുദ്ധ”, “വിശുദ്ധമായ” എന്ന ഗ്രീക്കു വാക്കിന്റെ അർത്ഥം, “പ്രത്യേക ഉദ്ദേശത്തിനായി” വേർതിരിക്കപ്പെട്ട എന്നാണ്. “ഹോളി” എന്നാൽ “പ്രത്യേകമായ” എന്നർത്ഥം. [3]ആരെങ്കിലും മരിക്കുമ്പോൾ, നാം പറയും “അയാൾ അന്ത്യശ്വാസം വലിച്ചു” എന്ന്. അല്ലെങ്കിൽ “മരിച്ചു.” “മരിക്കുക”അർത്ഥം “അന്ത്യശ്വാസം വിടുക.” [4]കാരണങ്ങൾ ഒന്നു: പഴയനിയമം അനേകായിരം വർഷങ്ങളുടെ ചരിത്രം നല്കുമ്പോൾ, പുതിയനിയമം നൂറു വർഷങ്ങൾ താഴെയുള്ള ചരിത്രമാണു നല്കുന്നത്. [5]ഇതിനർത്ഥം പുതിയ നിയമത്തിൽ പ്രത്യേക നിയമങ്ങൾ ഇല്ലെന്നല്ല - ക്രിയാത്മകവും നിഷേധാത്മകവുമായ - നിയമങ്ങൾ പുതിയ നിയമത്തിലുണ്ട്. എന്നാൽ നമ്മുടെ ജീവിതത്തിൽ പ്രയോഗിക്കേണ്ട *തത്വത്തിനാണ്* ഉന്നൽ കൊടു ത്തിരിക്കുന്നത്. നാം നമ്മുടെ കുട്ടികളോടു എങ്ങനെ പെരുമാറുന്നു എന്ന ചിത്രമാണ് ഞാൻ ഉപയോഗിക്കാറ്. അവർക്കു ബാല്യത്തിൽ എങ്ങനെ പെരുമാ റണം എന്ന നിർദ്ദേശങ്ങൾ കൊടുക്കുക. അവർ പ്രായപൂർത്തിയാകുമ്പോൾ പറയും “നന്നായി പഠിക്കണം” എന്ന് ആ തത്വം അവൻ എന്തു ചെയ്യുമ്പോഴും അവനിൽ നിന്നു പ്രതീക്ഷിക്കുന്നു. [6]ഇതു നാം 9-ാം പാഠത്തിൽ ചർച്ച ചെയ്യും. [7]അബ്രഹാമിന്റേയും സാറയുടേയും പൗത്രനായിരുന്ന യാക്കൊബിന്റെ പിൻഗാ മികളായിരുന്നു യഹൂദന്മാർ (നാം), ഇപ്പോഴത്തെ യഹൂദന്മാരും അതെ. യാക്കൊ ബിന്റെ പേർ യിസ്രായേൽ, എന്നു മാറ്റിയതുകൊണ്ട് ബൈബിളിൽ ഇവരെ യിസ്രായേൽ മക്കൾ എന്നും വിളിക്കുന്നു. അവർ എബ്രായ ഭാഷ സംസാരിക്കുന്നവർ ആയതുകൊണ്ട് അവരെ ചിലപ്പോൾ എബ്രായർ എന്നും ബൈബിളിൽ വിളിച്ചിട്ടുണ്ട്. [8]യിരെമ്യാവ് 31:33, 34ഉം എബ്രായർ 8:6-13ഉം വായിക്കുക. [9]നിയമ പരമായ ഉടമ്പടികൾ പരസ്യപ്പെടുത്തുന്ന രീതി ഓരോ സമൂഹത്തിനും വ്യത്യസ്തമായിട്ടാണ് കാണപ്പെടുന്നത്. ചില സ്ഥലങ്ങളിൽ, അതു പരസ്യമായി വായിക്കുക; മറ്റു സ്ഥലങ്ങളിൽ, അതു വർത്തമാന പേപ്പറിൽ പരസ്യപ്പെ ടുത്തും. ബൈബിൾ കാലഘട്ടത്തിൽ അതു പൊതുവായ സ്ഥലങ്ങളിൽ വായിച്ചു കേൾപ്പിക്കും. അതു നിറവേറപ്പെട്ടു എന്നറിയിച്ചു കഴിഞ്ഞാൽ പിന്നെ അതു നിലവി ടില്ല എന്നാണ് തെളിയിക്കുന്നത്, ന്യായപ്രമാണചട്ടങ്ങളും (പാപത്തെ അറിയുന്ന) കടവും (പാപത്തിന്റെ) “ക്രൂശിൽ തറെച്ചു” നീക്കം ചെയ്തു എന്നു പൗലോസ് പറഞ്ഞതു ഈ ആശയം ഉള്ളിൽ വെച്ചു കൊണ്ടാണ്. [10]എബ്രായർ 9:15ന്റെ ശേഷം ഭാഗം വിവരിക്കുന്നതു യേശുവിന്റെ രക്തം പുതിയ നിയമത്തിൻ കീഴിലുള്ളവരെ മാത്രമല്ല, പഴയനിയമത്തിൻ കീഴിലുള്ളവരെയും രക്ഷിക്കുന്നു എന്നാണ്.

[11]ചിത്രീകരണം വിപുലമാക്കാം. ഉദാഹരണമായി, ഒരു ഒസ്യത്ത് വായിച്ചു നടപ്പാ ക്കുന്നതിനുമുൻപു ഒരു “പരീക്ഷണ സമയം” അന്നു ലഭിക്കുന്നുണ്ട്. ആദ്യമായി യേശു വിന്റെ നിയമം വെളിപ്പെടുത്തുന്നതിന്നും അവന്റെ മരണത്തിന്നും ഇടക്കു 50 ദിവസം ഉണ്ടായിരുന്നു. യെഹൂദന്മാരുടെ പെസഹ പെരുനാൾ സമയത്തായിരുന്നു യേശു മരി ച്ചത് (യോഹന്നാൻ 13:1) പെസഹ കഴിഞ്ഞ് അമ്പതാം നാളിലാണ് യെഹൂദന്മാരുടെ പെരു നാളായ പെന്തെകൊസ്തു വരുന്നത്. ആദ്യത്തെ സുവിശേഷം പ്രസംഗിച്ചതു അന്നായി രുന്നു (പ്രവൃത്തി 2:1, 14-40). [12]“ജാതികൾ” എന്നു പറയപ്പെട്ടിരുന്നതു *യഹൂദന്മാരല്ലാത്തവരെയാണ്.* ഈ നിർവ്വചനപ്രകാരം, ഞാൻ ജാതിയിൽ പെട്ട ആളാണ്, ഒരു പക്ഷേ നിങ്ങളും. [13]8 വയസ്സു പ്രായമാകുമ്പോൾ യെഹൂദരായ ആൺകുട്ടികളെ പരിച്ഛേദന കഴിക്കുമായിരുന്നു (ലേവ്യാപുസ്തകം 12:3). [14]2 കൊരിന്ത്യർ 3:3, 7, 8; റോമർ 7:4, 7 നോക്കുക. [15]ചിലതു പഴയനിയമത്തിലെ പോലെ; പുതിയ നിയമ വാക്കുകളിൽ ആവർത്തിച്ചിട്ടുണ്ട്. മറ്റുള്ള തത്വമായിട്ടുണ്ട്. ഏതു പ്രായത്തിലുള്ള വർക്കും ആവശ്യമായ അടിസ്ഥാനമൂല്യം അടങ്ങുന്നവയാണ് പത്തു കല്പനക ളിൽ അധികവും. ദൈവം തന്റെ ജനത്തിനു പുതിയ നിയമം രൂപപ്പെടുത്തിയ പ്പോൾ അവയിൽ ഒമ്പതും ഉൾക്കൊള്ളിച്ചിട്ടുണ്ട്. [16]ഇതു നാം 9-ാം പാഠത്തിൽ ചർച്ച ചെയ്യും.